## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്കരണം - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(എം. എസ്) നം.210 /13/തസ്വഭവ. തിരുവനന്തപുരം, തീയതി 04-06-2013

==========================================================================

പരാമർശം:- 1. സ. ഉ (അ) നം. 20/2011/തസ്വഭവ നമ്പർ തീയതി 14-01-2011.

2. സ. ഉ (അ) നം. 88/2013/തസ്വഭവ നമ്പർ തീയതി 13-03-2013.

3. പഞ്ചായത്ത് ഡയറക്ടറുടെ സി3-6865/2011 നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പരിഷ്കരിച്ചുകൊണ്ട് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പുതിയ നികുതി ദായകർക്ക് 2011 ജനുവരി 14 മുതലും നിലവിലുള്ള നികുതിദായകർക്ക് 2011 ഏപ്രിൽ 1 മുതലുമാണ് പ്രാബല്യം നിശ്ചയിച്ചിരുന്നത്. ഈ ചട്ടങ്ങൾ ഭേദഗതി ചെയ്യുമെന്ന് സർക്കാർ പ്രഖ്യാപിച്ചതിനെ തുടർന്ന് ഗ്രാമപഞ്ചായത്തുകളിൽ വസ്തു നികുതി പരിഷ്കരണ നടപടികൾ നിർത്തിവച്ചിരുന്നു.

പരാമർശം (2) ലെ ഉത്തരവ് പ്രകാരം, 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി ഭേദഗതി ചട്ടങ്ങൾക്ക് 2013 ഏപ്രിൽ 1 മുതലാണ് പ്രാബല്യം നൽകിയിരിക്കുന്നത്.

ഈ സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പരിഷ്കരണ നടപടികൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

1. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പുതിയ നികുതിദായകർക്ക് 14-01-2011 മുതലും, നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01-04-2013 മുതലും ബാധകമാകുന്നതാണ്.

2. 01-04-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് പുതിയ നിരക്കിൽ വസ്തു നികുതി പരിഷ്കരിക്കുമ്പോൾ 14-01-2011 മുതൽ 31-03-2013 വരെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചത് ഭേദഗതി ചട്ടങ്ങളനുസരിച്ച് പുനർനിർണ്ണയിക്കാവുന്നതാണ്. ഇങ്ങനെ വസ്തു നികുതി പുനർനിർണ്ണയിക്കപ്പെടുമ്പോൾ കെട്ടിടങ്ങൾക്ക് 25% മിനിമം വർദ്ധനവ് ബാധകമാക്കേണ്ടതില്ല.

3. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളോടൊപ്പം ചേർത്തിട്ടുള്ള ഫാറങ്ങൾ അച്ചടിക്കുകയോ അതനുസരിച്ച് വിവരശേഖരണം

നടത്തുകയോ ചെയ്തിട്ടുള്ള പഞ്ചായത്തുകളിൽ 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ഭേദഗതി ചട്ടങ്ങളോടൊപ്പം ചേർത്തിട്ടുള്ള ഫാറങ്ങൾ തല്കാലം അച്ചടിക്കേണ്ടതില്ല. ഭേദഗതി ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളോടെ പ്രസ്തുത ഫാറങ്ങൾ വസ്തു നികുതി പരിഷ്കരണത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

4. വസ്തു നികുതി നിർണ്ണയത്തിനായി ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ചിട്ടുള്ള കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വസ്തുനികുതി നിർണ്ണയം നടത്താവുന്നതും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗുണമേന്മയുള്ള കടലാസിൽ അതിന്റെ പ്രിന്റൗട്ട് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ അവ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററായി പഞ്ചായത്തുകൾക്ക് സൂക്ഷിക്കാവുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**(ഡോ. രാജൻ ഖൊബ്രഗഡെ)**

ഗവ. സെക്രട്ടറി.

1. പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
2. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.)
4. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റു സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ